## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 3226

07/02/2018 ൽ
മറുപടിക്ക്

## കശുവണ്ടി വ്യവസായ സംരക്ഷണം

ചോദ്യം
ശ്രീ.അബ്ദുൾ ഹമീദ്.പി
ഡോ.എം.കെ.മുനീർ

ഉത്തരം
ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ)<br><br>(ബി) | സംസ്ഥാനത്തെ കശുവണ്ടി വ്യവസായ സ്ഥാപനങ്ങൾക്ക് അടച്ചുപൂട്ടൽ ഭീഷണിയുണ്ടോ ;<br><br>അടച്ചുപൂട്ടൽ ഭീഷണിയുടെ സാഹചര്യങ്ങൾ എന്തൊക്കെയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ; | (എ) & (ബി) | സംസ്ഥാനത്ത് കശുവണ്ടി വ്യവസായവുമായി ബന്ധപ്പെട്ട് പൊതുമേഖലയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾക്ക് നിലവിൽ അടച്ചു പൂട്ടൽ ഭീഷണിയില്ല. എന്നാൽ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന പല ഫാക്ടറികളും പ്രതിസന്ധി നേരിടുന്നുണ്ട്. അസംസ്കൃത തോട്ടണ്ടിയുടെ ദൗർലഭ്യമാണ് ഇതിൽ ഏറ്റവും പ്രധാന കാരണം. സ്വകാര്യ വ്യവസായികൾ ബാങ്കുകളിൽ നിന്നെടുത്ത വായ്പയിന്മേലുള്ള അമിത പലിശയും വ്യവസായികളെ കടക്കെണിയിലാക്കുകയും ഫാക്ടറികൾ അടച്ചിടേണ്ട സ്ഥിതിയിലേക്ക് എത്തിക്കുകയും ചെയ്തു. |
| (സി) | സംസ്ഥാനത്തെ കശുവണ്ടി വ്യവസായം സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | (സി) | കശുവണ്ടി സംസ്കരണ മേഖല ഇന്ന് നേരിട്ടു കൊണ്ടിരിക്കുന്ന അസംസ്കൃത തോട്ടണ്ടി ക്ഷാമം പരിഹരിക്കുന്നതിനായി കശുവണ്ടി ഉല്പാദിപ്പിക്കുന്ന വിദേശ രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുക എന്ന ലക്ഷ്യത്തോടെ സർക്കാർ കേരള കാഷ്യൂബോർഡ് രൂപീകരിച്ചു പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി ശേഖരിക്കുന്നതിനുള്ള നടപടികൾ കാഷ്യൂ ബോർഡ് എടുത്തു വരുന്നു. ഇതിനു വേണ്ട ഫണ്ട് സർക്കാരിൽ നിന്നും ബാങ്കുകളുടെ |

| | | | |
|---|---|---|---|
| | | | കൺസോർഷ്യം മുഖാന്തിരവും സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു. തോട്ടണ്ടി വിദേശങ്ങളിൽ നിന്നും ശേഖരിക്കുന്നതോടൊപ്പം തന്നെ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും സംഘടിപ്പിക്കുന്ന കാര്യവും കാഷ്യൂ ബോർഡ് ആലോചിച്ചു വരുന്നു. തോട്ടണ്ടി ആവശ്യത്തിന് ലഭ്യമാകുന്നതോടെ പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ തുറക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. കശുവണ്ടി വ്യവസായം സംരക്ഷിക്കുന്നതിനായി സർക്കാർ വർഷാവർഷം പദ്ധതി വിഹിതമായി ആധുനികവൽക്കരണത്തിനും ഭാഗികമായ യന്ത്രവല്ക്കരണത്തിനും ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിനുമായി ബഡ്ജറ്റിൽ തുക വകയിരുത്തി നൽകുന്നുണ്ട്.<br>കൂടാതെ സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയുടെ നേതൃത്വത്തിൽ അത്യുൽപാദന ശേഷിയുള്ള കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നമ്മുടെ സംസ്ഥാനത്ത് പരമാവധി കശുമാവ് കൃഷി വ്യാപിപ്പിച്ച് ആഭ്യന്തരമായി തോട്ടണ്ടി ഉല്പാദനം വർദ്ധിപ്പിച്ചാൽ മാത്രമേ സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കാനും നിലനിർത്താനും സാധിക്കുകയുള്ളൂ. അതിനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തി വരുന്നത്. |

**സെക്ഷൻ ഓഫീസർ**